നംപർ. ജി(1)18444/09

സഹകരണസംഘം രജിസ്ട്രാർ ആഫീസ്
തിരുവനന്തപുരം. തീയതി. 23/2/2011.

## സർക്കുലർ നംപർ 24/11

വിഷയം:- സഹകരണ വകുപ്പ്- സഹകരണ സംഘങ്ങളുടെ രജിസ്ട്രേഷനും, ബൈലാ ഭേദഗതി രജിസ്ട്രേഷനും- വ്യവസ്ഥകൾ/നിർദ്ദേശങ്ങൾ പാലിക്കുന്നതു സംബന്ധിച്ച്.

സൂചന:- 1) സഹകരണ സംഘം രജിസ്ട്രാറുടെ 51/82 നംപർ സർക്കുലർ
2) സഹകരണ സംഘം രജിസ്ട്രാറുടെ 49/83 നംപർ സർക്കുലർ
3) സഹകരണ സംഘം രജിസ്ട്രാറുടെ 7/86 നംപർ സർക്കുലർ
4) സഹകരണ സംഘം രജിസ്ട്രാറുടെ 37/87 നംപർ സർക്കുലർ
5) സഹകരണ സംഘം രജിസ്ട്രാറുടെ 18/93 നംപർ സർക്കുലർ

..........

സഹകരണ സംഘങ്ങളുടെ രജിസ്ട്രേഷൻ സംബന്ധിച്ചും ബൈലാ ഭേദഗതികളുടെ രജിസ്ട്രേഷൻ സംബന്ധിച്ചും 1969-ലെ കേരള സഹകരണ നിയമത്തിലെയും ചട്ടത്തിലെയും വ്യവസ്ഥകൾ കർശനമായും പാലിക്കുന്നതു സംബന്ധിച്ചും, ഇക്കാര്യത്തിൽ സ്വീകരിക്കേണ്ട നടപടി ക്രമങ്ങളെ സംബന്ധിച്ചും സൂചനകൾ പ്രകാരം നിരവധി മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ടെങ്കിലും പല ജോയിന്റ് രജിസ്ട്രാർമാരും അസിസ്റ്റന്റ് രജിസ്ട്രാർമാരും മേൽ നിർദ്ദേശങ്ങൾ പാലിക്കുന്നതിൽ വീഴ്ച വരുത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സഹകരണ സംഘം രജിസ്റ്റർ ചെയ്യുവാനുള്ള അപേക്ഷ നിരസിക്കുന്ന വേളയിൽ 1969-ലെ കേരള സഹകരണ സംഘം നിയമത്തിലെ വകുപ്പ് 12(4) പ്രകാരം നിരസിക്കുന്നതിനുള്ള കാരണങ്ങൾ സഹിതം ഉത്തരവായ തീയതി മുതൽ 7 ദിവസത്തിനകം അറിയിക്കേണ്ടതാണെന്ന വ്യവസ്ഥകൾ പാലിക്കേണ്ടതാണെന്ന് സൂചന 1 പ്രകാരം നിർദ്ദേശം നൽകിയിട്ടുള്ളതാണ്.

സഹകരണ സംഘങ്ങളുടെ രജിസ്ട്രേഷനും നിയമാവലി ഭേദഗതി രജിസ്ട്രേഷനും സംബന്ധിച്ച വിവരങ്ങൾ സഹകരണ ചട്ടം 11(2)-ൽ വ്യവസ്ഥ ചെയ്തിട്ടുള്ളതുപ്രകാരം 4-ാം നംപർ ഫോറത്തിൽ എഴുതി സൂക്ഷിക്കണമെന്ന് സൂചന 2, 3 പ്രകാരം നിർദ്ദേശം നൽകിയിരുന്നുവെങ്കിലും അതീവ പ്രാധാന്യമുള്ള ഈ രജിസ്റ്റർ പല ജോയിന്റ് ഓഫീസുകളിലും ശരിയായ രീതിയിൽ ശ്രദ്ധയോടെ എഴുതി സൂക്ഷിക്കുന്നില്ലായെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇക്കാരണത്താൽ ഒരു സംഘത്തിന്റെ നിയമാവലിയിൽ എന്തെങ്കിലും ഭേദഗതി വരുത്തിയിട്ടുണ്ടോയെന്ന് കണ്ടെത്തുവാൻ കഴിയുന്നില്ല.

സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്യുന്നതിനും ബൈലാ ഭേദഗതി രജിസ്റ്റർ ചെയ്യുന്നതിനുമുള്ള അപേക്ഷകൾ വകുപ്പ് 7(3)ലും ചട്ടം 9-ലും വ്യവസ്ഥ ചെയ്തിട്ടുള്ളതു പ്രകാരം 3 മാസത്തിനകം തീർപ്പാക്കണമെന്ന സമയപരിധി പാലിക്കണമെന്ന് എല്ലാ ഉദ്യോഗസ്ഥരുടെയും ശ്രദ്ധയിൽപ്പെടുത്തിക്കൊണ്ട് സൂചന 4, 5 പ്രകാരം നിർദ്ദേശം നൽകിയിട്ടുള്ളതാണ്. എന്നാൽ ഇത്തരം അപേക്ഷകൾ കൈകാര്യം ചെയ്യുന്നതിൽ അസിസ്റ്റന്റ് രജിസ്ട്രാർ/ജോയിന്റ് രജിസ്ട്രാർ ആഫീസുകളിൽ അകാരണവും അക്ഷന്തവ്യവുമായ കാലതാമസം നേരിടുന്നുണ്ട് എന്നത് ഗുരുതരമായ വീഴ്ചയായി കാണുന്നു.

സർക്കിൾ സഹകരണ യൂണിയന്റേയും, ധനകാര്യ ബാങ്കിന്റേയും അഭിപ്രായത്തിനായി അയച്ചുകൊടുക്കുന്നതിൽ തന്നെ വളരെയധികം കാലതാമസം ഉണ്ടാകുന്നതായും കണ്ടെത്തിയിട്ടുണ്ട്. അയച്ചുകൊടുക്കുന്ന ഭേദഗതി

നിർദ്ദേശത്തിൻമേലുള്ള അഭിപ്രായം ഒരു നിശ്ചിത സമയത്തിനകം നൽകണമെന്ന് നിർദ്ദേശിക്കുകയും ടി കാലയളവിനുള്ളിൽ അഭിപ്രായം ലഭിക്കാതെ വന്നാൽ ഭേദഗതി രജിസ്റ്റർ ചെയ്യുന്നതിന് എതിരഭിപ്രായമില്ല എന്ന നിഗമനത്തിൽ രജിസ്റ്റർ ചെയ്യുന്നതാണെന്നും അറിയിപ്പ് നൽകി നിശ്ചിത സമയത്തിനകം അഭിപ്രായം ലഭിക്കുന്നില്ലെങ്കിൽ അപ്രകാരം നടപടി സ്വീകരിക്കാവുന്നതാണെന്നും സൂചന 5 പ്രകാരം നിർദ്ദേശം നൽകിയിട്ടുള്ളതാണ്. എന്നാൽ മേൽ നിർദ്ദേശങ്ങൾ കണക്കിലെടുക്കാതെയുള്ള പ്രവർത്തനമാണ് പല ജോയിന്റ് രജിസ്ട്രാർ ഓഫീസുകളിലും നടക്കുന്നത് എന്ന വ്യാപകമായ പരാതിയും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മേൽ സാഹചര്യത്തിൽ ചുവടെ ചേർക്കുന്ന നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്.

1) ഒരു സംഘത്തിന്റെ രജിസ്ട്രേഷൻ, നിയമാവലി ഭേദഗതി രജിസ്ട്രേഷൻ, ലിക്വിഡേഷൻ ഉത്തരവുകളുടെ വിവരങ്ങൾ എന്നിവ 4-ാം നംപർ ഫോറത്തിലുള്ള രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതും നിർദ്ദിഷ്ട കോളങ്ങളിൽ ജോയിന്റ് രജിസ്ട്രാർ സാക്ഷ്യപ്പെടുത്തേണ്ടതുമാണ്.
2) സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്യുന്നതിനും, ഭേദഗതികൾ രജിസ്റ്റർ ചെയ്യുന്നതിനുള്ള അപേക്ഷകൾ അവ കൈപ്പറ്റിയ തീയതി മുതൽ പരമാവധി 3 മാസത്തിനുള്ളിൽ തന്നെ തീർപ്പ് കല്പിക്കുന്നുണ്ടെന്ന് ജോയിന്റ് രജിസ്ട്രാർമാർ ഉറപ്പുവരുത്തേണ്ടതാണ്. ഇത്തരം അപേക്ഷകൾ അസിസ്റ്റന്റ് രജിസ്ട്രാർ ഓഫീസിൽ ലഭിച്ച് രണ്ടാഴ്ചക്കുള്ളിൽ വ്യക്തമായ ശുപാർശ സഹിതം ജോയിന്റ് രജിസ്ട്രാർ ഓഫീസിലേക്കയക്കേണ്ടതും ജോയിന്റ് രജിസ്ട്രാർ ഓഫീസിൽ ലഭിച്ച് ഒരാഴ്ചയ്ക്കകം ചുമതലപ്പെട്ട അസിസ്റ്റന്റ് രജിസ്ട്രാർ/ഡെപ്യൂട്ടി രജിസ്ട്രാർ (ഭരണം)-ന്റെ ഉത്തരവാദിത്വത്തിൽ സൂക്ഷ്മ പരിശോധന നടത്തി വ്യക്തമായ കുറിപ്പ് സഹിതം ജോയിന്റ് രജിസ്ട്രാറുടെ തീരുമാനത്തിനായി സമർപ്പിക്കേണ്ടതും ജോയിന്റ് രജിസ്ട്രാർ, കാലതാമസം കൂടാതെ രജിസ്റ്റർ ചെയ്യേണ്ടതുമാണ്. ന്യൂനതകളും പോരായ്മകളും നിയമപ്രകാരം പരിഹരിക്കാവുന്നവയാണെങ്കിൽ നിർദ്ദിഷ്ട സംഘത്തിന്റെ ചീഫ് പ്രമോട്ടർക്കോ അല്ലെങ്കിൽ സംഘം ഭാരവാഹികൾക്കോ അറിയിപ്പ് നൽകുകയും നിശ്ചിത സമയത്തിനുള്ളിൽ പരിഹരിക്കാത്ത പക്ഷം രജിസ്റ്റർ ചെയ്യാൻ/ ഭേദഗതി രജിസ്റ്റർ ചെയ്യാൻ കഴിയില്ലെങ്കിൽ ടി അപേക്ഷയിൽ തീർപ്പ് കൽപ്പിക്കേണ്ടതാണ്.
3) ഒരു സംഘം രൂപീകരിക്കുന്നതിനോടനുബന്ധിച്ച് സംഘം ബൈലാ വിശദമായി പരിശോധിച്ച് 1969-ലെ സഹകരണ സംഘം നിയമത്തിനും ചട്ടത്തിലുമുള്ള വ്യവസ്ഥകൾ പ്രകാരമാണ് കരട് ബൈലാ തയ്യാറാക്കിയിട്ടുള്ളതെന്ന് ഉറപ്പു വരുത്തേണ്ടതാണ്.
4) വായ്പേതര സംഘങ്ങൾ, മറ്റ് പലവക സംഘങ്ങൾ എന്നിവയിൽ അംഗങ്ങൾ അല്ലാത്തവരിൽ നിന്നും, നിക്ഷേപങ്ങൾ സ്വീകരിക്കാമെന്ന വ്യവസ്ഥയുൾപ്പെടെ നിർദ്ദിഷ്ട സംഘത്തിന്റെ ഉദ്ദേശ ലക്ഷ്യവുമായി യാതൊരു സാമ്യവുമില്ലാത്ത പ്രവർത്തനങ്ങൾ ഉൾക്കൊള്ളിച്ച് ബൈലാ രജിസ്റ്റർ ചെയ്തു നൽകുന്നതായും, അല്ലെങ്കിൽ പിന്നീട് ബൈലാ ഭേദഗതി ചെയ്യുന്ന വേളയിലോ മേൽ വ്യവസ്ഥകൾ ഉൾക്കൊള്ളിച്ച് ഭേദഗതി രജിസ്റ്റർ ചെയ്ത് നൽകുന്നതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ബൈലായിൽ ഉൾപ്പെടുത്തി ഇപ്രകാരം രജിസ്റ്റർ ചെയ്തു നൽകുന്ന പല നോൺ ക്രെഡിറ്റ് സംഘങ്ങൾക്കും നിക്ഷേപങ്ങൾ യഥാസമയം നിക്ഷേപകർക്ക് മടക്കി നൽകാൻ കഴിയാതെ വരുന്നതായും നിരവധി പരാതികൾ ലഭിച്ചിട്ടുണ്ട്. പല മാർക്കറ്റിംഗ് സഹകരണ സംഘങ്ങളും ട്രാൻസ്പോർട്ട് സഹകരണ സംഘങ്ങളും ഉൾപ്പെടെ ടി ബൈലാ വ്യവസ്ഥകളുടെ പിൻബലത്തിൽ സേവിംഗ്സ് നിക്ഷേപങ്ങൾ വരെ സ്വീകരിക്കുന്നതായും കാണുന്നു. നോൺ ക്രെഡിറ്റ് സഹകരണ സംഘങ്ങൾ പൊതു ജനങ്ങളിൽ നിന്നും, നിക്ഷേപം സ്വീകരിക്കുന്നതു സംബന്ധിച്ച് കൂടുതൽ നിയന്ത്രണങ്ങൾ കൊണ്ടുവരേണ്ടതുണ്ടെന്ന് കാണുന്നതിനാൽ അത്തരം സംഘങ്ങൾക്ക്, അംഗങ്ങൾ അല്ലാത്തവരിൽ നിന്നും നിക്ഷേപങ്ങൾ സ്വീകരിക്കുവാനും അംഗങ്ങളിൽ നിന്നും സ്ഥിരനിക്ഷേപം ഒഴികെയുള്ള നിക്ഷേപം സ്വീകരിക്കാനുമുള്ള വ്യവസ്ഥകൾ

ബൈലായിൽ ഉൾപ്പെടുത്താതിരിക്കുവാൻ ജോയിന്റ് രജിസ്ട്രാർമാർ ശ്രദ്ധിക്കേണ്ടതാണ്.

5) ജോയിന്റ് രജിസ്ട്രാർമാർ അംഗീകരിച്ചു നൽകുന്ന നിയമാവലി ഭേദഗതികളിൽ ധാരാളം തിരുത്തലുകൾ ഉള്ളതായും, മഷികൊണ്ട് തിരുത്തി എഴുതിയിട്ടുള്ളതായും, ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇക്കാരണത്താൽ ഭേദഗതികളുടെ നിജസ്ഥിതിയെപ്പറ്റി ഭാവിയിൽ സംശയമുണ്ടാകുമെന്നതിനാൽ ഭേദഗതികൾ തിരുത്തലുകൾ ഇല്ലായെന്ന് ഉറപ്പാക്കി ടൈപ്പ് ചെയ്ത് മാത്രമേ നൽകുന്നുള്ളൂ എന്ന് ജോയിന്റ് രജിസ്ട്രാർമാർ ഉറപ്പാക്കേണ്ടതാണ്.

അസിസ്റ്റന്റ് രജിസ്ട്രാറുടെ ശുപാർശകളുടെയും പരിശോധനകളുടെയും അടിസ്ഥാനത്തിലാണ് സംഘങ്ങൾ രജിസ്റ്റർ ചെയ്യുന്നതും, ഭേദഗതികൾ രജിസ്റ്റർ ചെയ്യുന്നതും. സംഘങ്ങളുടെ പ്രവർത്തനം ഫലവത്തായി നടക്കുന്നു എന്ന് ഉറപ്പാക്കേണ്ട അസിസ്റ്റന്റ് രജിസ്ട്രാർമാർ/ യൂണിറ്റ് ഇൻസ്പെക്ടർമാർ ഇക്കാര്യത്തിൽ വീഴ്ച വരുത്തുന്നതിന്റെ ഫലമായാണ് ഇപ്രകാരം ബൈലായിൽ പല വ്യവസ്ഥകളും ഉൾക്കൊള്ളിച്ചിട്ടുള്ളതായി കാണുന്നത്. തങ്ങളുടെ ചുമതലയിലുള്ള സംഘങ്ങളിലെ ബൈലാകൾ പരിശോധിച്ച് ഇപ്രകാരമുള്ള വ്യവസ്ഥകൾ ഉണ്ടെങ്കിൽ ആയത് ഭേദഗതി ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും, അസിസ്റ്റന്റ് രജിസ്ട്രാർമാരും, ജോയിന്റ് രജിസ്ട്രാർമാരും തങ്ങളുടെ പ്രതിമാസ അവലോകന യോഗങ്ങളിൽ ഇക്കാര്യം വിലയിരുത്തുകയും ചെയ്യേണ്ടതാണെന്നും ഓർമ്മപ്പെടുത്തുന്നു. ശ്രദ്ധയിൽപ്പെടുന്ന ഇത്തരം നിയമപരമല്ലാത്ത വ്യവസ്ഥകൾ ആഡിറ്റ് വേളകളിൽ ശ്രദ്ധയിൽപ്പെടുകയാണെങ്കിൽ ആയത് രേഖാമൂലം, ബന്ധപ്പെട്ട ജനറൽ വിഭാഗത്തിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിന് ആഡിറ്റർമാരും ശ്രദ്ധിക്കേണ്ടതാണ്.

(ഒപ്പ്)
കെ.വി.സുരേഷ്ബാബു
സഹകരണസംഘം രജിസ്ട്രാറുടെ ചുമതല
വഹിക്കുന്ന അഡീഷണൽ രജിസ്ട്രാർ (ക്രെഡിറ്റ്)

<u>പകർപ്പ്:</u>

1) ഡയറക്ടർ ഓഫ് കോ-ഓപ്പറേറ്റീവ് ആഡിറ്റ്, തിരുവനന്തപുരം
2) എല്ലാ ജോയിന്റ് രജിസ്ട്രാർ (ജനറൽ)/ജോയിന്റ് ഡയറക്ടർ(ആഡിറ്റ്) മാർക്കും
3) എല്ലാ അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)മാർക്കും (ജോയിന്റ് രജിസ്ട്രാർ മുഖേന)
4) എല്ലാ അസിസ്റ്റന്റ് ഡയറക്ടർമാർക്കും/ജോയിന്റ് ഡയറക്ടർ (ആഡിറ്റ്) മുഖേന
5) എല്ലാ ഡെപ്യൂട്ടി രജിസ്ട്രാർ/പ്രിൻസിപ്പൽമാർക്കും
6) ഈ ആഫീസിലെ എല്ലാ അഡീഷണൽ രജിസ്ട്രാർമാർക്കും ജോയിന്റ് രജിസ്ട്രാർമാർക്കും, ഡെപ്യൂട്ടി രജിസ്ട്രാർമാർക്കും
7) ഈ ആഫീസിലെ എല്ലാ സെക്ഷൻ സൂപ്രണ്ടുമാർക്കും
8) എഡിറ്റർ, സഹകരണ വീഥി, തിരുവനന്തപുരം
9) എഡിറ്റർ, സഹകരണ ജേർണൽ
10) സ്പെയർ
11) വെബ്സൈറ്റ്

//ആജ്ഞാനുസരണം//

ഡെപ്യൂട്ടി രജിസ്ട്രാർ (വിജിലൻസ്-ഇൻ-ചാർജ്)

S